**ശ്രദ്ധക്ഷണിക്കൽ**

സാമ്പത്തിക പ്രതിസന്ധി

ശ്രീ. കെ. ജെ. മാക്സി: സർ, സാമ്പത്തിക പ്രതിസന്ധി നേരിടുന്ന കൊച്ചി തുറമുഖവും, അതുമൂലം തൊഴിൽ നഷ്ടപ്പെട്ട ആയിരക്കണക്കിന് തൊഴിലാളികളുടെ വഴിമുട്ടിയ ജീവിതവും സംരക്ഷിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ ഇവിടെ അവതരിപ്പിക്കുന്നത്. പ്രകൃതിദത്തമായ അടിസ്ഥാന സൗകര്യമുള്ള തുറമുഖമാണ് കൊച്ചി. 1928 മെയ് 6 ന് തുറമുഖത്ത് ആദ്യ കപ്പൽ എസ്.എസ്. പത്മ നങ്കൂരമിട്ടു കൊണ്ടാണ് കൊച്ചി തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. അന്നു മുതലാണ് കേരളത്തിന്റെ പരമ്പരാഗത ഉൽപ്പന്നങ്ങളും, സൗത്ത് ഇന്ത്യയിലെ മറ്റ് ഉൽപ്പന്നങ്ങളുമെല്ലാം കയറ്റിയിറക്കുന്ന ഒരു തുറമുഖമായി കൊച്ചി തുറമുഖം വളർന്നു വന്നത്. കേരളത്തിന്റെ സാമ്പത്തിക തൊഴിൽ മേഖലയിൽ ഈ തുറമുഖം വലിയ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ ദുബായ് പോർട്ട് വേൾഡ് വല്ലാർപാടത്ത് തുറന്നതോടുകൂടി കൊച്ചി തുറമുഖത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന ഐലന്റിൽ പ്രവർത്തിച്ചിരുന്ന രാജീവ്ഗാന്ധി ടെർമിനൽ അടച്ചു പൂട്ടിയതിനെത്തുടർന്ന് ആയിരക്കണക്കിന് തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടമായത്. അതിന്റെ ഫലമായി തുറമുഖത്തിന്റെ

സമീപ പ്രദേശങ്ങളിലും, പടിഞ്ഞാറൻ കൊച്ചിയിലുമുള്ള ജനങ്ങളുടെ ജീവിതമാണ് വഴിമുട്ടിയത്. മാത്രമല്ല, തുറമുഖത്തിന്റെ ഹൃദയ ഭൂമിയായ വെല്ലിംഗ്ടൺ ഐലന്റ് ഇന്ന് ശ്മശാന ഭൂമിയായിക്കൊണ്ടിരിക്കുകയാണ്. കൊച്ചി തുറമുഖം നേരിടുന്ന പ്രധാന പ്രശ്നം, വല്ലാർപാടം കണ്ടെയ്നർ ട്രാൻഷിപ്പ്മെന്റ് ടെർമിനലിനുവേണ്ടി ഡ്രഡ്ജിംഗിനായി ഒരു വർഷം 90 കോടി രൂപയാണ് ചെലവഴിച്ചു കൊണ്ടിരിക്കുന്നത്. എന്നാൽ ഈ ചെലവ് ഇതിന്റെ ഗുണഭോക്താവായിട്ടുള്ള കൊച്ചി കപ്പൽശാല, നാവികസേന, കോസ്റ്റ്ഗാർഡ് എന്നീ സ്ഥാപനങ്ങൾ ആനുപാതികമായി ചെലവഴിക്കുവാൻ കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ഇടപെടൽ നടത്തേണ്ടതുണ്ട്. തൊഴിൽ നഷ്ടപ്പെട്ടതുമൂലം ജീവിതം വഴിമുട്ടിയവർക്ക് തൊഴിൽ നൽകാൻ ഐലന്റിനെ പുനർവിന്യസിപ്പിച്ചുകൊണ്ട്, ചരക്ക് എത്തിച്ച് കൈകാര്യം ചെയ്യുന്ന പഴയ നിലയിലേയ്ക്ക് സജ്ജീവമാക്കുന്നതിനുവേണ്ടി കൊച്ചിൻ പോർട്ടിലേയ്ക്കും, കേന്ദ്ര സർക്കാരിലേക്കും സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. കൊച്ചി തുറമുഖത്തെ സംരക്ഷിക്കുവാനായി തുറമുഖം നേരിടുന്ന നിരവധിയായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സർക്കാർ ഇടപെടണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ ചുരുക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ :</u> ശ്രദ്ധക്ഷണിക്കലിന്റെയും സബ്മിഷനുകളുടെയും മറുപടി മേശപ്പുറത്തുവയ്ക്കേണ്ടതാണ്.*

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.